## പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2639 — 19.07.2011 ൽ മറുപടിയ്ക്ക്

### ജൈവ വൈവിധ്യ സംരക്ഷണത്തിന് നടപടി

| ചോദ്യം<br>ശ്രീ റ്റി.വി.രാജേഷ് | ഉത്തരം<br>ശ്രീ.ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|
| (എ) ജൈവ വൈവിധ്യ സംരക്ഷണത്തിന് നടപടി സ്വീകരിക്കുമോ; | (എ) സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) 2006-2010 വർഷങ്ങളിലായി ഈ രംഗത്തു നടന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; | (ബി) ഉണ്ട്. |
| (സി) ജൈവ വൈവിധ്യ ബോർഡിന്റെ പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ ? | (സി) പ്രവർത്തനങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

1.സംസ്ഥാനത്തെ തണ്ണീർത്തടങ്ങൾ നിർണ്ണയിക്കുന്നതിനും അവയുടെ ജൈവവൈവിധ്യം രേഖപ്പെടുത്തുന്നതിനുമായി എല്ലാ തണ്ണീർത്തടങ്ങളുടെയും രൂപടം തയ്യാറാക്കി സൗജന്യ ഉപയോഗത്തിനായി ഇന്റർനെറ്റിലൂടെ ലഭ്യമാക്കുന്നു.

2.നിയമാനുസൃത ജൈവവൈവിധ്യ മാനേജ്മെന്റ് കമ്മിറ്റികൾ (BMCs) എല്ലാ ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും രൂപീകരിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുന്നു. 941 പഞ്ചായത്തുകളിലും ബി.എം.സി.കൾ രൂപീകരിച്ചു കഴിഞ്ഞു.

3.നിയമാനുസൃത ജനകീയ ജൈവവൈവിധ്യ , രജിസ്റ്റർ (PBR) എല്ലാ ഗ്രാമപഞ്ചായത്തുകളിലും 31.01.2013 നു മുമ്പായി തയ്യാറാക്കാനുള്ള പദ്ധതി ആവിഷ്കരിച്ചു നടപ്പാക്കുന്നു. ഇതുവരെ 290 പഞ്ചായത്തുകളിലെ ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കി കഴിഞ്ഞു.

4. സംസ്ഥാനത്തെ സസ്യ-ജന്തു ജാലങ്ങളെ സാധാരണക്കാർ തിരിച്ചറിയുന്നതിനും, അവയുടെ പ്രത്യേകത, പ്രയോജനം എന്നിവ രേഖപ്പെടുത്തുന്നതിനുമുള്ള കൈപുസ്തകങ്ങൾ തയ്യാറാക്കുന്നു. കേരളത്തിലെ സാധാരണ മരങ്ങൾ, കേരളത്തിലെ കൂണുകൾ.ഔഷധ സസ്യങ്ങൾ എന്നിവ തയ്യാറാക്കി കഴിഞ്ഞു.

5.സംസ്ഥാനത്തെ ജൈവസമ്പത്ത് സംരക്ഷിക്കുന്നതിന്റെയും സുസ്ഥിര വികസനത്തിനായി അവ ന്യായയുക്തമായ രീതിയിൽ ഉപയോഗിക്കേണ്ടതിന്റെയും പ്രാധാന്യം പ്രദർശിപ്പിക്കുന്ന പരസ്യവസ്തുക്കൾ തയ്യാറാക്കുന്നു. വിവിധ പരിപാടികളിൽ ഇവ പ്രദർ ശിപ്പിച്ചു വരുന്നു.

6.ജൈവവൈവിധ്യ നിയമത്തിലെ വ്യവസ്ഥകൾ, ജൈവവൈവിധ്യ സംരക്ഷണത്തിന്റെയും അവയിൻമേലുള്ള പ്രാദേശിക സമൂഹത്തിന്റെ ബൗദ്ധിക സ്വത്തവകാശങ്ങളെപ്പറ്റിയും എല്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും പരിശീലനം സംഘടിപ്പിക്കുന്നു.

7. പരിസ്ഥിതി അവബോധം നൽകുന്നതിന്റെ ഭാഗമായുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നു. ഇതിൻെറ ഭാഗമായി ജുഡീഷ്യറി, മാധ്യമ പ്രവർത്തകർ എന്നിവർക്ക് പരിശീലനം നൽകി.

8.കാർഷിക ജൈവവൈവിധ്യ സംരക്ഷണത്തിൻെറ പ്രാധാന്യവും പ്രയോജനവും പ്രദർശിപ്പിക്കുന്ന ഒരു പൈലറ്റ് പദ്ധതി പാലക്കാട് ജില്ലയിലെ എരിമയൂർ പഞ്ചായത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു.

9.ജൈവവൈവിധ്യ സംരക്ഷണത്തെപ്പറ്റി വിദ്യാർത്ഥികളെ ബോധവൽക്കരിക്കുന്നതിനും പ്രായോഗികമായി ബോദ്ധ്യപ്പെടുത്തുന്നതിനും, സ്കൂൾ/ കോളേജ് തലത്തിൽ അതാത് സ്ഥാപനങ്ങളുമായി ജൈവവൈവിധ്യ സംരക്ഷണത്തിനുള്ള പദ്ധതികൾ നടപ്പാക്കാൻ ധനസഹായവും, സാങ്കേതിക സഹായവും നൽകുന്നു.

10.ക്യാമ്പസ് ജൈവവൈവിധ്യ സംരക്ഷണത്തിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ള വിദ്യാലയങ്ങളെ ഉൾപ്പെടുത്തി ജൈവവൈവിധ്യമേള വർഷംതോറും സംഘടിപ്പിക്കുന്നു. കാമ്പസുകളിൽ തദ്ദേശീയ ഫലവൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നതിന് സാമ്പത്തിക സഹായം നൽകുന്നു.

11.സംരക്ഷിത വനപ്രദേശങ്ങൾക്കു പുറത്തുള്ള ജൈവവൈവിധ്യ പ്രാധാന്യമുള്ള വന മേഖലകളെ കണ്ടെത്തി സംരക്ഷണ നടപടികൾ സ്വീകരിക്കാനായി ഒരു വിദഗ്ധ പഠനം നടത്തി വരുന്നു. ഇപ്രകാരം ഉടുമ്പൻചോല താലൂക്കിലെ സി.എച്ച്.ആർ മേഖല സംരക്ഷിക്കുന്നതിനുള്ള കൺസർവേഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്.

12.ജലപക്ഷികളുടെ വാർഷിക കണക്കെടുപ്പ്.

13.വേമ്പനാട് മത്സ്യ സമ്പത്തിന്റെ കണക്കെടുപ്പ്.

14.കൊറ്റില്ല സംരക്ഷണവും, കൊറ്റി വർഗ്ഗ പക്ഷികളുടെ കണക്കെടുപ്പും.

15.പ്രധാന നദികളിലെ മൽസ്യസമ്പത്തു സംബന്ധിച്ച പഠനം.

ശിൽപശാലകൾ സംഘടിപ്പിക്കുന്നു.

18.ജനിതക വ്യതിയാനം വരുത്തിയ വിത്തുകളെയും ഭക്ഷ്യവസ്തുക്കളെയും പറ്റി അവബോധം സൃഷ്ടിക്കുന്നതിനായി ദേശീയ തലത്തിലുള്ള ശിൽപശാലകൾ സംഘടിപ്പിക്കുന്നു.

19.സംസ്ഥാനത്ത് ഒരു ജൈവവൈവിധ്യ മ്യൂസിയം സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുന്നു.

20.ജൈവവൈവിധ്യ / പരിസ്ഥിതി സംരക്ഷണ മേഖലകളിൽ പ്രശംസനീയമായ പ്രവർത്തനങ്ങളും സംഭാവനകളും നൽകിയ വ്യക്തി, സ്ഥാപനം, പത്രപ്രവർത്തകൻ, വിദ്യാലയം എന്നിവർക്ക് വർഷം തോറും ' ഹരിത അവാർഡ് ' നൽകുന്നു.

21.സംസ്ഥാനത്തെ തീരദേശ- തണ്ണീർത്തടങ്ങളുടെ സംരക്ഷണത്തിനായി ഒരു തീരദേശ ആവാസവ്യവസ്ഥ സംരക്ഷണ പദ്ധതി, കണ്ണൂർ ജില്ലയിലെ ഏഴോം പഞ്ചായത്തിൽ നടപ്പാക്കുന്നു. കൂടാതെ എല്ലാ തീരദേശ തണ്ണീർത്തടങ്ങളുടെയും ഭൂപടം തയ്യാറാക്കുന്നതിനുള്ള ഒരു പദ്ധതിയും നടപ്പാക്കുന്നു.

22.തണ്ണീർത്തടങ്ങളുടെ സുസ്ഥിര ഉപയോഗം വഴി, അവിടങ്ങളിലെ ജൈവവൈവിധ്യ വർദ്ധനവ് ഉറപ്പാക്കുന്നതിനും, തദ്ദേശവാസികൾക്ക് സ്ഥിര വരുമാനം ഉണ്ടാക്കുന്നതിനുമുള്ള ഒരു വിവിധോദ്ദേശ പൈലറ്റ് പദ്ധതി മലപ്പുറം ജില്ലയിലെ വെളിയംകോട് പഞ്ചായത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. ജൈവകൃഷിയും, സംയോജിത- നെല്ല്-മത്സ്യ കൃഷിയും മുൻവർഷങ്ങളിൽ നടപ്പാക്കി.

23.ജൈവവൈവിധ്യ സംരക്ഷണം ഉറപ്പാക്കുന്നതിന്റെ ഭാഗമായി സർക്കാരിന്റെ പരി സ്ഥിതി നയം. ജൈവകൃഷിനയം ജൈവവൈവിധ്യ കർമ്മ പദ്ധതി എന്നിവ തയ്യാറാക്കു ന്നതിനുള്ള നിർദ്ദേശങ്ങൾ തയ്യാറാക്കി സമർപ്പിച്ചു. കൂടാതെ സംസ്ഥാനത്തെ ഭൂവിനി

ഭോഗ നയം രൂപീകരിക്കുന്നതിനുള്ള കരട് നിർദ്ദേശങ്ങൾ തയ്യാറാക്കുന്ന കമ്മിറ്റിയിൽ ബോർഡ് ചെയർമാൻ അദ്ധ്യക്ഷനായി പ്രവർത്തിക്കുകയും കരട് നിർദ്ദേശങ്ങൾ സമർപ്പിക്കുകയും ചെയ്യു.

24. ജൈവവൈവിധ്യ സംരക്ഷണം പ്രധാന വിഷയമായിട്ടുള്ള ദേശീയ/ സംസ്ഥാനതല സെമിനാറുകൾ, ബോധവൽക്കരണ പരിപാടികൾ, മേളകൾ, ശാസ്ത്രീയ സമ്മേളനങ്ങൾ എന്നിവയുടെ നടത്തിപ്പിൽ പങ്കാളികളാവുകയും ധനസഹായം നൽകുകയും ചെയ്യുന്നുണ്ട്

25. ജനങ്ങൾ, സംഘടനകൾ, സർക്കാർ സ്ഥാപനങ്ങൾ തുടങ്ങിയവർ ഉന്നയിക്കുന്ന ജൈവവൈവിധ്യ സംബന്ധിയായ പ്രശ്നങ്ങൾ, സർക്കാർ ആവശ്യപ്പെടുംപോലെ ബോർഡ് പഠിക്കുകയും റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്യു വരുന്നു.

26. ഉൾനാടൻ ജലമത്സ്യത്തിന്റെ പ്രധാന ആകർഷണങ്ങളിൽ ഒന്നാണ് "ഊത്ത പിടുത്തം, ഊത്തയിളക്കം". ഇതിന്റെ പാരിസ്ഥിതിക ജൈവീക അവസ്ഥകളെക്കുറിച്ച് പഠിക്കുന്നു

27 ജൈവവൈവിധ്യ ചട്ടങ്ങൾ, 2002 നെ കുറിച്ച് ചർച്ച ചെയ്യുന്നതിനായി പാർലമെന്ററി ഉപസമിതി (നിയമ നിർമ്മാണം) കമ്മിറ്റിയിലും, പാർലമെന്ററി ഉപസമിതി (കൃഷി) കമ്മിറ്റിയിലും, ജനിതകമാറ്റം വരുത്തിയ വിത്തിനങ്ങൾ എന്നിവയുടെ ചർച്ചയിലും കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് പങ്കെടുക്കുകയും അഭിപ്രായം രേഖപ്പെടുത്തുകയും ചെയ്യു.